I.ഇ.ബി.XIകേരള നിയമസഭ/IV32

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 31, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

### പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി പഞ്ചായത്തിലെ ശാന്ത എന്ന യുവതി ക്രൂരമായി കൊലചെയ്യപ്പെട്ടതായി പറയപ്പെടുന്ന സംഭവം

മി.സ്പീക്കർ: പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ വിധവയും രണ്ടു കുട്ടികളുടെ അമ്മയുമായ ശാന്ത എന്ന യുവതിയെ 30-7-2002-ന് ബലാൽസംഗം ചെയ്തശേഷം കൊലപ്പെടുത്തുകയും മൃതദേഹം വീട്ടിനടുത്തുള്ള പൊന്തക്കാട്ടിൽ കാണപ്പെടുകയും ചെയ്തതിനെത്തുടർന്ന് അവിടെ നിലനിൽക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഗിരിജാ സുരേന്ദ്രൻ, സർവ്വശ്രീ ബിനോയ് വിശ്വം, സി.കെ. നാണു, പി.സി. ജോർജ്, എ.സി. ഷൺമുഖദാസ്, വി.സി. കബീർ, എ.എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി ( ശ്രീ.എ.കെ. ആന്റണി) : വളരെ ഗുരുതരമായ പ്രശ്നത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി പഞ്ചായത്തിൽ രാജന്റെ ഭാര്യ ശാന്ത 29-7.-2002-ന് കൂലിപ്പണിക്കുപോയിട്ട് മടങ്ങി വന്നിട്ടില്ലെന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാൻ മിസ്സിംഗിന് ചെർപ്പുളശ്ശേരി പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു. വീട്ടിനു സമീപത്തുള്ള പൊന്തക്കാട്ടിൽ ശാന്ത മരിച്ചുകിടക്കുന്നതായി അന്വേഷണത്തിൽ കാണപ്പെട്ടു. പ്രേത പരിശോധനാറിപ്പോർട്ട് തയ്യാറാക്കിയശേഷം മൃതശരീരം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിന് അയച്ചു. ശാന്തയുടെ മൃതശരീരം പച്ചിലകൊണ്ട് മൂടിയിട്ടിരുന്നു. അവർ ധരിച്ചിരുന്ന ആഭരണങ്ങൾ മോഷ്ടിക്കപ്പെട്ടതായി കാണപ്പെട്ടു. വിരലടയാള വിദഗ്ദ്ധരുടെയും പോലീസ് നായയുടെയും സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വിധവയായ ശാന്തയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയശേഷം ഒളിവിൽപ്പോയ അക്രമിയെ അറസ്റ്റ് ചെയ്യുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നിർദ്ദേശപ്രകാരം മണ്ണാർക്കാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ വിശദവും ഊർജ്ജിതവുമായ അന്വേഷണം നടത്തിവരികയാണ്. ഇതുവരെ പ്രതിയെ പിടിച്ചിട്ടില്ല. അക്രമിയെ കണ്ടെത്തി അയാൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ പോലീസിന് കർശനമായ നിർദ്ദേശം നൽകുന്നതാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി പഞ്ചായത്തിൽ കരിക്കത്തടത്തിൽ ശങ്കരൻകുട്ടിയുടെ മകളും രണ്ടു കുട്ടികളുടെ മാതാവും വിധവയുമായ 35 വയസ്സുള്ള ശാന്തയെ ബലാൽസംഗം ചെയ്തശേഷം ആഭരണങ്ങൾ കവർച്ച നടത്തിയിട്ട് കൊലപ്പെടുത്തുകയുണ്ടായി. ഇതുവരെ അതിന്റെ പേരിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ഇവരുടെ നാലും രണ്ടും വയസ്സുള്ള കുട്ടികൾ അനാഥരായിരിക്കുന്നു. ഈ സംഭവത്തെത്തുടർന്ന് കേരളത്തിലെ, പ്രത്യേകിച്ചും ആ പ്രദേശത്തെ സ്ത്രീകൾ ഭയവിഹ്വലരാണ്. സംസ്ഥാനത്ത് സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങളും അനീതികളും വർദ്ധിച്ചുവരുന്നത് അവസാനിപ്പിക്കാനാവശ്യമായ നടപടി യുണ്ടാകണം. സ്ത്രീകളുടെ ജീവനും സ്വത്തിനും അന്തസ്സിനും അഭിമാനത്തിനും വിലയില്ലാതായിരിക്കുന്നു. മാത്രമല്ല, അവരെ വിറ്റ് ജീവിക്കുന്ന സാഹചര്യങ്ങളും സംസ്ഥാനത്തുണ്ടായിരിക്കുന്നു. പ്രതികളെ കണ്ടുപിടിക്കാനും നീതി നടപ്പാക്കാനും ബാദ്ധ്യസ്ഥരായ പോലീസ് ഉണർന്ന് പ്രവർത്തി ക്കുന്നില്ല. സംസ്ഥാനത്ത് നിലനിൽക്കുന്ന ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി ( ശ്രീ. എ.കെ. ആന്റണി) : ചെർപ്പുളശ്ശേരിയിലുണ്ടായ ഏറ്റവും ബീഭൽസ മായ ഈ സംഭവം കക്ഷിരാഷ്ട്രീയത്തിന്റെ പ്രശ്നമല്ല. ഗവൺമെന്റ് ഇതിനെ ഗൗരവമായി കാണുന്നു. ശാന്തയുടെ അനാഥരായ കുട്ടികൾക്ക് ഗവൺമെന്റ് പ്രത്യേകമായി സഹായം നല്കുന്നതാണ്. പാലക്കാട് ജില്ലാ കളക്ടറോട് ഇതിന്റെ വിശദാംശങ്ങൾ അന്വേഷിക്കാൻ ആവശ്യപ്പെടാം. ഇന്നു കൂടുന്ന മന്ത്രിസഭായോഗത്തിൽത്തന്നെ ഇതു സംബന്ധിച്ച് തീരുമാനമെടു ക്കുന്നതാണ്. എത്രയുംവേഗം കുറ്റക്കാരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുന്നതാണ്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രദ്ധക്ഷണിക്കൽ

(1) കാസർകോട് ജില്ലയിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

ശ്രീ. കെ.വി. കുഞ്ഞിരാമൻ: ഏകദേശം 12 ലക്ഷത്തോളം ജനസംഖ്യയുള്ള കാസർകോട് ജില്ലയിൽ തൊഴിലധിഷ്ഠിത കോഴ്സുകളുടെ പരിമിതിമൂലം ഉന്നത വിദ്യാഭ്യാസ-വികസന രംഗങ്ങളിൽ ഈ ജില്ല വളരെ പിറകിലാണ്. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അഞ്ചു കോളേജുകളെയാണ് ഇവിടെയുള്ള വിദ്യാർത്ഥികൾ ആശ്രയിക്കുന്നത് . ജില്ലയിൽ നിലവിലുള്ള സാദ്ധ്യതകൾ വച്ചുകൊണ്ട് ബി.എസ്സ്സി. ഫുഡ് ആന്റ് ന്യൂട്രീഷൻ, മൈക്രോ ബയോളജി ആന്റ് ബയോ കെമിസ്ട്രി, അക്വാകൾച്ചർ, പെട്രോ കെമിക്കൽസ്, ഫിഷ് ആന്റ് ഫിഷറീസ്, ഇൻഡസ്ട്രിയൽ കെമിസ്ട്രി തുടങ്ങിയ കോഴ്സുകൾ അടിയന്തിരമായി ആരംഭി ക്കുന്നതിന് നടപടിയെടുക്കണം . ചീമേനിയിലുള്ള എഞ്ചിനിയറിംഗ് കോളേജിനും ഐ. എച്ച് ആർ.ഡി. അപ്ളൈഡ് സയൻസ് ആന്റ് ടെക്നോളജി കോളേജിനും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും നിലവിലുള്ള മറ്റു സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം. ചീമേനിയിൽ ഒരു ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ ആരംഭിക്കണം .

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): കാസർകോട് ജില്ലയിൽ മൂന്ന് ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളും എൽ.ബി.എസ്സിന്റെ കീഴിൽ ഒരു എഞ്ചിനിയറിംഗ് കോളേജും ടീച്ചേഴ്സ് ടെക്നിക്കൽ എഡ്യൂക്കേഷൻ സെന്ററും ഇൻഫർമേഷൻ ടെക്നോളജി കേന്ദ്രവും മലയാള പഠനകേന്ദ്രവും റീജിയണൽ ലാംഗ്വേജ് പഠനകേന്ദ്രവും ഉണ്ട്. സ്വകാര്യമേഖലയിൽ ബി.ഫാം കോഴ്സ് നടത്തുന്നതിന് രണ്ട് സ്ഥാപനങ്ങൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട് . ബി.എസ്സ്സി.നഴ്സിംഗ് കോഴ്സും അൺ എയിഡഡ് സെൽഫ് ഫിനാൻസിംഗ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളും അനുവദിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. തൊഴിലധിഷ്ഠിത കോഴ്സുകളുടെ ഭാഗമായി 375 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും 16 ഹൈസ്ക്കൂളുകളിലുമായി 38 തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തിവരുന്നു. സർക്കാരിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരാത്ത വിധത്തിൽ എയ്ഡഡ് കോളേജുകളും കോഴ്സുകളും നടത്തുന്ന കാര്യം പരിഗണനയിലുണ്ട്. നിലവിലുള്ള സർക്കാർ, സ്വകാര്യ, എയ്ഡഡ് കോളേജുകളിൽ സെൽഫ് ഫിനാൻസിംഗ് വ്യവസ്ഥയിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് വിദ്യാഭ്യാസ ഏജൻസികൾ മുന്നോട്ടു വന്നാൽ അക്കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. ജില്ലയിൽ ഒരു ലാ കോളേജും ബി.എഡ്. കോളേജും തുടങ്ങുന്ന കാര്യവും സർക്കാരിന്റെ പരിഗണയിലുണ്ട്. ചീമേനി എഞ്ചിനിയറിംഗ് കോളേജിലും മറ്റ് കോളേജുകളിലും കോഴ്സുകൾ തുടങ്ങുന്നതിന് യൂണിവേഴ്സിറ്റി ശുപാർശ ചെയ്യുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. ചീമേനിയിലെ കോളേജുകളിലും ഹയർ സെക്കന്ററി സ്കൂളുക

ളിലും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യവും ഒരു ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ തുടങ്ങുന്ന കാര്യവും ഗവണ്മെന്റ് പരിഗണിച്ചുവരുന്നു.

(2) ഏലം കള്ളക്കടത്ത് തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ ജോർജ്ജ് ജെ. മാത്യു: ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന ഏലത്തിന്റെ 75 ശതമാനവും കേരളത്തിലെ ഇടുക്കി ജില്ലയിലാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. കാലാവസ്ഥയ്ക്ക് അനുസൃതമായി ലഭിക്കുന്ന ഏലത്തിന്റെ 85 ശതമാനവും ചെറുകിട കർഷകരാണ് ഉല്പാദിപ്പിക്കുന്നത്. ഏലത്തിന്റെ ഉല്പാദനത്തോത് അനുസരിച്ച് കിലോഗ്രാമിന് 250 രൂപ മുതൽ 500 രൂപവരെ വില ലഭിക്കുന്നു. കേരളത്തിലും തമിഴ്നാട്ടിലും ഏലത്തിന് നാലു ശതമാനം സെയിൽസ് ടാക്സ് ആണ് ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പോലീസിന്റെയും സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരുടെയും ഒത്താശയോടെ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ഏലം കള്ളക്കടത്ത് നടത്തുന്നതിനാൽ സർക്കാരിന് നികുതിയിനത്തിൽ വൻ നഷ്ടമാണുണ്ടാകുന്നത്. ഏലത്തിന്റെ ഉല്പാദനം കുറയുന്നതും നികുതി നഷ്ടത്തിന് കാരണമാകും. സർക്കാർ ഈ കാര്യത്തിലിടപെട്ട് കള്ളക്കടത്ത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): കേരളത്തിലെ നാണ്യവിളയായ ഏലം നികുതി വെട്ടിച്ച് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ ചില സ്ഥലങ്ങളിൽ തലച്ചുമടായും, വാഹനങ്ങളിലൂടെയും കടത്തിക്കൊണ്ടുപോകാൻ ശ്രമിച്ച 2602 കിലോഗ്രാം ഏലവും, നെടുംകണ്ടം പോലീസ് സർക്കിൾ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽനിന്നും കടത്തിക്കൊണ്ടുപോകാൻ ശ്രമിച്ച 924 കിലോഗ്രാം ഏലവും കുമിളിയിൽനിന്നും കടത്താൻ ശ്രമിച്ച 1505 കിലോഗ്രാം ഏലവും പിടിച്ചെടുത്തിട്ടുണ്ട്. വാഹനങ്ങൾ പിടിച്ചെടുത്ത വകയിൽ മൊത്തം 3, 32, 638 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. പിടിച്ചെടുത്ത ഏലവും കടത്താനുപയോഗിച്ച വാഹനങ്ങളും സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചും വാഹനപരിശോധന, പട്രോളിംഗ്, ബീറ്റ് എന്നിവയിലൂടെയും കള്ളക്കടത്ത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പട്രോളിംഗ് സംവിധാനവും മറ്റും കൂടുതൽ ശക്തമാക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾക്ക് നിർദ്ദേശം നൽകും. ഈ കാര്യം ഗവൺമെന്റ് ഗൗരവമായി കൈകാര്യം ചെയ്യും. കള്ളക്കടത്ത് നടത്തുന്നതു സംബന്ധിച്ച വിവരം ലഭിക്കുകയാണെങ്കിൽ കുറ്റക്കാരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കും.

## സബ്മിഷൻ

(1) ക്ഷേമപദ്ധതികൾ പ്രകാരമുള്ള പെൻഷൻ കുടിശ്ശിക ഓണത്തിന് മുൻപ് നൽകണമെന്ന ആവശ്യം

ശ്രീ. വി . എസ്. അച്ചുതാനന്ദൻ: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമ പെൻഷനുകളും തൊഴിലില്ലായ്മാവേതനവും കൊടുത്തിട്ടില്ല. ഓണക്കാലത്തെ

ങ്കിലും ക്ഷേമ പെൻഷനുകളുടേയും തൊഴിലില്ലായ്മാ വേതനത്തിന്റേയും ആറു മാസത്തേയോ മൂന്നു മാസത്തേയോ കുടിശ്ശിക അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): വിവിധ ക്ഷേമ പെൻഷനുകളിലായി 200 കോടി രൂപയോളം കുടിശ്ശികയുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശികയുടെ ഒരു ഗഡു കൊടുത്തുതീർത്തു. ഓണം പ്രമാണിച്ച് ക്ഷേമ പെൻഷനുകളുടേയും തൊഴിലില്ലായ്മാ വേതനത്തിന്റേയും ഓരോ ഗഡു വീതം നൽകുന്നതാണ്.

(2) കോതമംഗലം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഒ. പി. ബ്ളോക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കൽ

ശ്രീ. വി. ജെ. പൗലോസ്: 1994-ൽ പണി ആരംഭിച്ച കോതമംഗലം താലൂക്ക് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ ഒ. പി. ബ്ളോക്കിന്റെ 95 ശതമാനം പ്രവർത്തികളും പൂർത്തീകരിച്ചുവെങ്കിലും, ആരോഗ്യ വകുപ്പിന്റെ വീഴ്ചമൂലം ഇതുവരെ കെട്ടിടം തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈ അവസ്ഥയ്ക്ക് എത്രയും വേഗം പരിഹാരം കാണാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കോതമംഗലം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞ വർഷം 6752 രോഗികളേയും ഈ വർഷം 2160 രോഗികളേയും ഇൻപേഷ്യന്റായും കഴിഞ്ഞ വർഷം 91,532 രോഗികളേയും ഈ വർഷം 48524 രോഗികളേയും ഔട്ട്പേഷ്യന്റായും ചികിൽസിച്ചിട്ടുണ്ട്. 50 ബെഡ്ഡുകളോടുകൂടിയ വാർഡും ഒ. പി. ബ്ളോക്കും പണിയുന്നതിന് 53,20,218 രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പിന്നീട് എസ്റ്റിമേറ്റ് 75 ലക്ഷം രൂപയായി പുതുക്കി. 5 ലക്ഷം രൂപ കൂടി അനുവദിച്ചാൽ ഒ. പി. ബ്ളോക്കിന്റെ പണി പൂർത്തിയാകും. വാർഡിന്റെ പണി പൂർത്തീകരണത്തിന് എത്ര തുക വേണമെന്ന് റിപ്പോർട്ടു നൽകാൻ ഡി. എം. ഒ.യോടും പി. ഡബ്ളിയു. ഡി. എക്സിക്യൂട്ടീവ് എഞ്ചിനിയറോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(3) സ്വകാര്യ കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ ആവശ്യങ്ങൾ

ശ്രീ. ടി. കെ. ബാലൻ: കോളേജ് വിദ്യാഭ്യാസ രംഗത്ത് എയ്ഡഡ് മേഖലയിൽ പ്യൂണിനേയും ക്ളർക്കിനേയും അനുവദിക്കാൻ 1500-ഓളം കുട്ടികൾ വേണമെന്നുള്ള മാനദണ്ഡം പാലിക്കാൻ കഴിയാത്തതിന്റെ ഫലമായി നിലവിലുള്ള തസ്തികകൾകൂടി നഷ്ടപ്പെടുന്ന അവസ്ഥയാണ്. ഈ മേഖലയിലെ 60 ശതമാനത്തോളം വരുന്ന നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിക്കുന്നതിനും അധികം ജീവനക്കാരുണ്ടെങ്കിൽ അവരെ പുനർവിന്യസിപ്പിക്കുന്നതിനും നിർദ്ദേശം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

ഇതുസംബന്ധിച്ച് ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി മുഖ്യമന്ത്രി തലത്തിൽ 6.6.2002–ൽ ചർച്ച നടത്തുകയുണ്ടായി. റീ-ഡിപ്ളോയ്മെന്റിന്റെ ഭാഗമായി നിലവിലുള്ള ജീവനക്കാരെ ഒരുകാരണവശാലും പിരിച്ചു വിടുന്നതല്ലെന്നും അതിന് ചില സംവിധാനങ്ങളുണ്ടാക്കുമെന്നും ഗവൺമെന്റ് നൽകിയ ഉറപ്പ് ഇപ്പോഴും പാലിക്കുകയാണ്. അധികം ആയ നോൺ ടീച്ചിംഗ് സ്റ്റാഫിനെ ആവശ്യമുള്ള സ്ഥലങ്ങളിൽ പുനർവിന്യസിപ്പിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(4) <u>വിദഗ്ദ്ധ ഡോക്ടർമാരും ടെക്നീഷ്യൻമാരും ദീർഘകാല അവധിയിൽ പോകുന്നതു കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. ടി. പി. എം. സാഹിർ</u>: കേരള സർവ്വീസ് ചട്ടങ്ങളിലെ 12 എ-യിലെ ഗോയിംഗ് എബ്രോഡ് ആന്റ് എൽസ്വെയർ എന്ന പദങ്ങളുപയോഗിച്ച് പത്തും ഇരുപതും വർഷത്തേയ്ക്ക് ലീവെടുത്ത് ഡോക്ടർമാരും ടെക്നീഷ്യൻമാരും രാജ്യത്തിന് പുറത്തുപോകുന്ന സ്ഥിതി തുടരുന്നു. അതുകൊണ്ട് മെഡിക്കൽ കോളേജുകളിലും മറ്റും ടെക്നീഷ്യൻമാരും രോഗികളെ ചികിൽസി ക്കാൻ ആവശ്യമായ ഡോക്ടർമാരും ഇല്ലാത്തതിനാൽ അവർക്ക് അനുവദിക്കുന്ന അവധിയുടെ കാലാവധി 5 വർഷമായി ചുരുക്കാൻ നടപടി സ്വീകരിക്കണം .

ആരോഗ്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. ശങ്കരൻ</u>): കേരള സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് 20 വർഷം വരെ ലീവ് അനുവദിക്കുന്നുണ്ട്. ദീർഘകാലാവധിയിൽ പോകുന്ന ജീവനക്കാരുടെ ഒഴിവിൽ പകരം ആളെ നിയമിക്കുന്നതുകൊണ്ട് ആശുപത്രികളുടെ പ്രവർത്തനം തടസ്സപ്പെടുന്നില്ല. ലീവ് അനുവദിക്കാതിരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

5. <u>പ്രൈവറ്റ് സ്കൂളുകളിലെ 1:40 എന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ഈ അദ്ധ്യായന വർഷവും തുടരണമെന്ന ആവശ്യം</u>.

<u>ശ്രീ. ടി.യു. രാധാകൃഷ്ണൻ:</u> കേരളത്തിലെ പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരെ സംരക്ഷി ക്കുന്നതിനുവേണ്ടി 1988-ൽ നിശ്ചയിച്ച 1:40 എന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ഈ വർഷവും തുടരുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. നാലകത്തു സൂപ്പി</u>): നിലവിലുണ്ടായിരുന്ന അദ്ധ്യാപകരെ പ്രൊട്ടക്ട് ചെയ്യുന്നതിനുവേണ്ടിയാണ് 1997-ൽ 1:40 എന്ന അനുപാതം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ 28.6.2001-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ഇത്തരം അദ്ധ്യാപകരെ പുനർവിന്യസിപ്പിക്കാൻ തീരുമാനിക്കുകയുണ്ടായി. നിലവിലുള്ള അദ്ധ്യാപകരെ 1:45 റേഷ്യോയിൽ നിജപ്പെടുത്തി 1:40 റേഷ്യോയിൽ പ്രൊട്ടക്ഷനിൽ നിൽക്കുന്ന അദ്ധ്യാപകരെ പുനർവിന്യസിപ്പിക്കണമെന്നാണ് ഗവൺമെന്റിന്റെ തീരുമാനം. അതനുസരിച്ചുള്ള നടപടിക്രമങ്ങളു മായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. മെമ്പർ ഉന്നയിച്ച കാര്യം പരിശോധിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

1. 2002–ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2. പരിസ്ഥിതി സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): കേരളത്തിന്റെ ഖജനാവിൽനിന്ന് 38 കോടിയോളം രൂപ ക്രമവിരുദ്ധമായി ചെലവുചെയ്തതായി ഗവൺമെന്റിനുതന്നെ ബോദ്ധ്യമായി. 48 മണിക്കൂറിനകം ബാക്കി തുക ട്രഷറിയിൽ അടയ്ക്കണമെന്ന് മുഖ്യമന്ത്രിയുടെ ചാർജ് വഹിച്ച ധനകാര്യ വകുപ്പുമന്ത്രി ആധികാരികമായി ആവശ്യപ്പെട്ടിട്ടും വകുപ്പുമന്ത്രി അത് മാനിച്ചിട്ടില്ല. ഈ നിലയ്ക്ക് പോകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുവദിക്കരുത്. ഇതുസംബന്ധിച്ച് വ്യക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. ധനകാര്യ വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെ അവഗണിച്ചു പ്രവർത്തിക്കുന്ന സഹമന്ത്രിയുടെ ഈ സമീപനം തെറ്റും ആക്ഷേപാർഹവുമാണ്. അതുകൊണ്ട് വകുപ്പുമന്ത്രിയെ മാറ്റിനിർത്തിക്കൊണ്ട് ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തണം. ഈ അഴിമതി നേരിടുന്നതിന് ആവശ്യമായ സമീപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): പ്രതിപക്ഷം പറയുന്ന കാര്യത്തോട് ഈ ഗവൺമെന്റിന് നിഷേധാത്മക സമീപനം ഇല്ല. ഈ സഭയിൽ പ്രതിപക്ഷം ഇതിനെക്കുറിച്ച് ആരോപണം ഉന്നയിച്ചപ്പോൾത്തന്നെ ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റ് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ചീഫ് സെക്രട്ടറി ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതാണ്. ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കും. അതുവരെ പ്രതിപക്ഷ നേതാവും മറ്റ് അംഗങ്ങളും കുറച്ച് ദിവസത്തേക്ക് ക്ഷമിക്കണം. ഈ സമ്മേളനത്തിൽ ഒരുപാട് ദിവസം നഷ്ടപ്പെട്ടു; അതുകൊണ്ട് ജനാധിപത്യപരമായി സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): 48 മണിക്കൂറിനകം പണം അടയ്ക്കണമെന്നാണ് ധനകാര്യമന്ത്രി നിർദ്ദേശിച്ചിട്ടുള്ളത്. ഒരു മന്ത്രിയുമായി ബന്ധപ്പെട്ട പ്രശ്നമായതുകൊണ്ടാണ് ചീഫ് സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിച്ചാൽ പോരാ, ജുഡീഷ്യൽ എൻക്വയറിതന്നെ വേണമെന്ന് ആവശ്യപ്പെട്ടത്.

(SC/ST വികസന പദ്ധതിക്കുവേണ്ടി നീക്കിവച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് ഉന്നയിച്ച ആരോപണത്തിന് മുഖ്യമന്ത്രി നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

## നിയമനിർമ്മാണകാര്യം

ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

1. 2002–ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 2002–ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 2002–ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2002–ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2. 2002–ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 2002–ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : 2002–ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2002–ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

3. 2002–ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക– ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ): 2002–ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക–ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ): 2002–ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക–ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2002–ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക–ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

4. 2001–ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): 2001–ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): 2001–ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2001–ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(5) 2001–ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): 2001–ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): 2001–ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.ടി.എം. ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2001–ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## 2002–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ മുതൽ 11 –ാം നമ്പർ വരെ) ബില്ലുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2002–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ മുതൽ 11 –ാം നമ്പർ വരെ) ബില്ലുകൾ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): 2002–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ മുതൽ 11 –ാം നമ്പർ വരെ) ബില്ലുകൾ പരിഗണനയ്ക്കെടുക്കണം എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

2002–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ മുതൽ 11 –ാം നമ്പർ വരെ) ബില്ലുകൾ പരിഗണനയ്ക്കെടുക്കണം എന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

### 2002–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ മുതൽ 11 –ാം നമ്പർ വരെ) ബില്ലുകളുടെ 2–ഉം 3–ഉം വകുപ്പുകൾ

2–ഉം 3–ഉം വകുപ്പുകൾ ബില്ലുകളുടെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ഉം 3–ഉം വകുപ്പുകൾ ബില്ലുകളുടെ ഭാഗമായി.

2002–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ മുതൽ 11 –ാം നമ്പർ വരെ)
ബില്ലുകളുടെ പട്ടിക

പട്ടിക ബില്ലുകളുടെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലുകളുടെ ഭാഗമായി.

2002–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ മുതൽ 11 –ാം നമ്പർ വരെ)
ബില്ലുകളുടെ 1–ാം വകുപ്പും പീഠികയും പേരും

1–ാം വകുപ്പും പീഠികയും പേരും ബില്ലുകളുടെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലുകളുടെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ) : 2002–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ മുതൽ 11 –ാം നമ്പർ വരെ) ബില്ലുകൾ പാസ്സാക്കിത്തരണം എന്ന പ്രമേയം അവതരിപ്പിക്കുന്നു.

.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

2002–ലെ കേരള ധനവിനിയോഗ (3–ാം നമ്പർ മുതൽ 11 –ാം നമ്പർ വരെ) ബില്ലുകൾ പാസ്സാക്കണം എന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സഭ പാസ്സാക്കി.

സഭ രാവിലെ 10.24–ന് പിരിഞ്ഞു.

. . . . . . . .